# കേരളസർവകലാശാല

**Re-accredited by NAAC with A++ GRADE**

നം. പി.ആർ. **133/2026** തിരുവനന്തപുരം, തീയതി : **29/06/2026**

## പത്രക്കുറിപ്പ്

### പരീക്ഷ മാറ്റിവച്ചു

കേരളസർവകലാശാല 2026 ജൂലൈ 01 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ എംഎ, എംഎസ്‌സി, എംകോം, എംഎസ്‌ഡബ്ല്യു, എംറ്റിഎം (മേഴ്സിചാൻസ്) പരീക്ഷയിൽ 2026 ജൂലൈ 01, 03 തീയതികളിൽ നടത്താൻ തീരുമാനിച്ചിരുന്ന കെമിസ്ട്രി, പോളിമർ കെമിസ്ട്രി പരീക്ഷകൾ മാറ്റിവച്ചിരിക്കുന്നു. പുതുക്കിയ തീയതികൾ പിന്നീട് അറിയിക്കുന്നതാണ്.

### കേരള സർവകലാശാല
### ഒന്നാം വർഷ എംഎഡ് പ്രവേശനം - 2026

കേരളസർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/ എയ്ഡഡ്/സ്വാശ്രയ കോളേജുകളിലേക്കുള്ള 2026-27 അധ്യയന വർഷത്തിലെ എംഎഡ് കോഴ്സുകളുടെ ഏകജാലക സംവിധാനം വഴിയുള്ള പ്രവേശനം പുനരാരംഭിച്ചു.

കേരളസർവകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിൽ പ്രവേശനം ആഗ്രഹിക്കുന്ന നിലവിൽ ഓൺലൈൻ രജിസ്ട്രേഷൻ നടത്തിയിട്ടില്ലാത്ത എല്ലാ വിദ്യാർത്ഥികൾക്കും (**General/Reservation/Management/PWD** ഉൾപ്പെടെ) **08/07/2026** വരെ ഏകജാലക സംവിധാനം വഴി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

അഡ്മിഷൻ സംബന്ധിച്ചുള്ള അതാത് സമയങ്ങളിലെ വിവരങ്ങൾക്ക് സർവകലാശാല പത്രകുറിപ്പുകളും അഡ്മിഷൻ വെബ്സൈറ്റും (**https://admissions.keralauniversity.ac.in**) ശ്രദ്ധിക്കേണ്ടതാണ്. ഹെൽപ്പ് ലൈൻ നമ്പർ : **8281883053 ( Whatsapp also)**, ഇമെയിൽ : **bedadmission@keralauniversity.ac.in**.

### പരീക്ഷാഫലം

കേരളസർവകലാശാല 2025 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എംഎ മലയാളം ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2026 ജൂലൈ 03 വരെ **www.slcm.keralauniversity.ac.in** മുഖേന ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ കേന്ദ്രം 2026 ജനുവരിയിൽ വിജ്ഞാപനം നടത്തിയ ഒന്ന്, രണ്ട് സെമസ്റ്റർ എംഎ ഹിസ്റ്ററി (സപ്ലിമെന്ററി - 2021 & 2022 അഡ്മിഷൻ, മേഴ്സിചാൻസ് - 2017 - 2020 അഡ്മിഷൻ) ബിരുദ പരീക്ഷാഫലം

പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2026 ജൂലൈ 07 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാവിജ്ഞാപനം

കേരളസർവകലാശാല 2026 ജൂലൈ 08 ന് നടത്തുന്ന ജർമ്മൻ **A2 (Deutsch A2)** പരീക്ഷയുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാ കേന്ദ്രം

കേരളസർവകലാശാല **2026** ജൂലൈ 08 മുതൽ നടത്തുന്ന രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്. ബിഎ/ബിഎസ്സി (സപ്ലിമെന്ററി – 2021 – 2023 അഡ്മിഷൻ, മേഴ്സിചാൻസ് – 2017 **&** 2020 അഡ്മിഷൻ) പരീക്ഷയ്ക്ക് ആർ ശങ്കർ കോളേജ് ഓഫ് ആർട്സ് **&** സയൻസ്, ചാത്തന്നൂർ പരീക്ഷാ കേന്ദ്രമായി തെരെഞ്ഞെടുത്തിട്ടുള്ള വിദ്യാർത്ഥികൾ പ്രസ്തുത കോളേജിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി ചാത്തന്നൂർ എം.ഇ.എസ് ആർട്സ് **&** സയൻസ് കോളേജിൽ പരീക്ഷ എഴുതേണ്ടതാണ്.

## പിഎച്ച്.ഡി രജിസ്ട്രേഷൻ - ജൂലൈ 2026<br>ഓൺലൈൻ അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാലയുടെ ജൂലൈ 2026 സെഷൻ പിഎച്ച്.ഡി രജിസ്ട്രേഷന് ഒഴിവുകളുള്ള വിഷയങ്ങളിൽ ഓൺലൈൻ അപേക്ഷ ക്ഷണിക്കുന്നു. 2026 ജൂലൈ 01 മുതൽ 15 വൈകന്നേരം 5 മണി വരെ സർവകലാശാലയുടെ റിസർച്ച് പോർട്ടൽ വെബ്സൈറ്റിൽ (www.research.keralauniversity.ac.in) അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. വിശദവിവരങ്ങൾക്ക് റിസർച്ച് പോർട്ടൽ വെബ്സൈറ്റ് സന്ദർശിക്കുക. യൂണിവേഴ്സിറ്റി ടീച്ചിംഗ് ഡിപ്പാർട്ട്മെന്റുകൾ ഇല്ലാത്ത വിഷയങ്ങളിൽ അപേക്ഷിച്ചവർ ഓൺലൈൻ അപേക്ഷയുടെ പകർപ്പും അനുബന്ധരേഖകളും 2026 ജൂലൈ 16 ന് വൈകുന്നേരം 5 മണിക്ക് മുൻപായി കേരള സർവകലാശാലയിൽ സമർപ്പിക്കേണ്ടതാണ്.

## ടൈംടേബിൾ

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ് ബിഎസ്സി, ജൂൺ **2026** (ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി - **2023** അഡ്മിഷൻ, സപ്ലിമെന്ററി - **2022 & 2021** അഡ്മിഷൻ, മേഴ്സിചാൻസ് - **2013, 2017, 2018 & 2020** അഡ്മിഷൻ), സൈക്കോളജി, സ്റ്റാറ്റിസ്റ്റിക്സ് പ്രാക്ടിക്കൽ പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)**

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**